**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1924** **05-07-2022 - ൽ മറുപടിയ്ക്ക്**

**മിൽമയുടെ മേഖല ഭരണസമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ഡോ. മാത്യു കുഴൽനാടൻ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മിൽമയുടെ മേഖലാ ഭരണസമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള ശ്രമം നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | അഡ്മിനിസ്ട്രേറ്റർമാർക്കും നോമിനേറ്റഡ് അംഗങ്ങൾക്കും വോട്ടവകാശം നൽകിക്കൊണ്ട് തയ്യാറാക്കിയ ഓർഡിനൻസ് ഗവർണർ അംഗീകാരം നൽകാതെ തിരിച്ച് അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 15-ാം കേരള നിയമസഭയുടെ അഞ്ചാമത് സമ്മേളനം 27.06.2022 ന് കൂടാൻ തീരുമാനിച്ചിരിക്കുന്നതിനാൽ ഫയൽ ബഹു. ഗവർണ്ണർ തിരിച്ചയച്ചിരുന്നു. |
| (സി) | തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാർക്കും നോമിനേറ്റഡ് അംഗങ്ങൾക്കും വോട്ടവകാശം നൽകിക്കൊണ്ട് തയ്യാറാക്കിയ പ്രസ്തുത നിയമ നിർമ്മാണത്തിൽ നിന്നും പിന്മാറാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ